# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *166 11.06.2018-ൽ മറുപടിക്ക്**

## ജാതി ഭ്രാന്തിന്റെയും മതാന്ധതയുടെയും ഭീകരത

ശ്രീ. അൻവർ സാദത്ത്
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. കെ. സി. ജോസഫ്
ശ്രീ. അനിൽ അക്കര

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | |
|---|---|
| (എ) ജാതീയമായ ഉത്കർഷതാബോധം, ജാതി ഭ്രാന്തിന്റെയും മതാന്ധതയുടെയും ഭീകരത എന്നിവ വ്യക്തമാക്കുന്ന സംഭവങ്ങൾ സംസ്ഥാനത്ത് അരങ്ങേറുന്നത് എപ്രകാരമാണ് വിലയിരുത്തുന്നതെന്ന് വിശദമാക്കാമോ; | (എ) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ആയതിന് കാരണക്കാരായ പ്രതികളെ അറസ്റ്റ് ചെയ്ത് നിലവിലെ നിയമങ്ങൾ അനുസരിച്ച് കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രായപൂർത്തിയായ സ്ത്രീ-പുരുഷൻമാർക്ക് സ്വന്തം ഇഷ്ടപ്രകാരം വിവാഹിതരാകുന്നതിന് ഭാരതത്തിലെ പരമോന്നത കോടതിയുടെ വിധി നിലവിലുള്ളപ്പോൾ കോട്ടയത്തെ കെവിനും നീനുവും രജിസ്റ്റർ വിവാഹിതരായതിന്റെ രേഖകൾ കാണിച്ചിട്ടും കെവിനോടൊപ്പം ജീവിക്കണമെന്ന് യുവതി ആവശ്യപ്പെട്ടിട്ടും അവർക്ക് നിയമ സംരക്ഷണം നൽകുന്നതിൽ ഗാന്ധിനഗർ പോലീസ് വീഴ്ചവരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) ഗാന്ധിനഗർ പോലീസിന് വീഴ്ച സംഭവിച്ചിട്ടുള്ളതായി പ്രഥമദൃഷ്ട്യാ വെളിവായിട്ടുണ്ട്. |

(സി) കെവിന്റെ ദുരഭിമാന കൊലയിൽ സംസ്ഥാന പോലീസിന് ഗുരുതരമായ വീഴ്ച സംഭവിച്ചു എന്നതിനാൽ ആഭ്യന്തര വകുപ്പിന് ഇതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ?

(സി) ഏതാനും ചില ഉദ്യോഗസ്ഥർക്കുണ്ടായ തെറ്റ് സംസ്ഥാന പോലീസിന് ഒന്നാകെ സംഭവിച്ച വീഴ്ചയല്ല. ഈ കേസിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. കേസിൽ ഊർജ്ജിതമായ തുടരന്വേഷണം നടന്നുവരുന്നു. ഈ കാര്യത്തിലുള്ള സർക്കാർ നിലപാട് ഇതിലൂടെ വ്യക്തവുമാണ്.

**സെക്ഷൻ ഓഫീസർ**